**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3498** **05-08-2021 - ൽ മറുപടിയ്ക്ക്**

**മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനും ചെലവിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ത്രൈമാസ പദ്ധതി ചെലവ് അവലോകന യോഗങ്ങളിലും ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള മാസാന്ത്യ അവലോകന യോഗങ്ങളിലും പദ്ധതി ചെലവ് അവലോകനം ചെയ്ത് ചെലവിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. പ്രസ്തുത അവലോകന യോഗങ്ങളിൽ മൂലധനചെലവുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്തു വരുന്നുണ്ട്. മൂലധന ചെലവിന്റെ ഗുണനിലവാരത്തിന്റെ നിർദ്ദിഷ്ട ത്രൈമാസ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നുണ്ട്. കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വായ്പപരിധിയിൽ 0.50 ശതമാനം വായ്പ മൂലധനചെലവിനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള 12,547 കോടി രൂപയുടെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെ അനുവദിച്ചിട്ടുള്ളത്. മേൽ പറഞ്ഞ മൂലധനചെലവിലധിഷ്ഠിതമായ വായ്പ ലഭ്യമാക്കുന്നതിന് 12.07.2021 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ മൂലധനചെലവ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ, മൂലധന ചെലവ് വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ റവന്യൂ ശീർഷകത്തിൽ ചെലവഴിക്കുന്ന മൂലധനാധിഷ്ഠിതമായ പ്രവൃത്തികൾ മൂലധന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും കൈകൊണ്ടു വരുകയാണ്. |

സെക്ഷൻ ഓഫീസർ